മുട്ടത്തറ സ്വീവേജ് പ്ലാന്റ്

123 (1497) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടത്തറ സ്വീവേജ് പ്ലാന്റിൽ ശുദ്ധീകരിച്ചെടുക്കുന്ന വെള്ളത്തിനും, വളത്തിനും ആവശ്യക്കാരില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വെള്ളം ഉപയോഗപ്പെടുത്തുന്നതിന് റയിൽവെ, വാഹന സർവ്വീസ് സ്റ്റേഷനുകൾ, നിർമ്മാണ കോൺട്രാക്ടർമാർ എന്നിവരുമായി കരാറുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്തെ കർഷകസംഘങ്ങൾ, കൃഷി വകുപ്പിലെ ഫാമുകൾ, പാടശേഖര സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് വളം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ ആധുനിക സംരംഭം ഒരു മാതൃകയായി മാറ്റിയെടുക്കുന്നതിന് പ്ലാന്റ് നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 40 ദശലക്ഷം ലിറ്റർ സ്വീവേജിൽ നിന്നും വേർതിരിച്ചെടുക്കുന്ന ജലം ക്ലോറിൻ ഉപയോഗിച്ച് ശുദ്ധീകരിച്ച് ഇപ്പോൾ പാർവ്വതീപുത്തനാറിലേയ്ക്ക് ഒഴുക്കി വിടുകയാണ്. പ്രസ്തുത വെള്ളം പൂന്തോട്ടങ്ങൾ നനയ്ക്കാനും, നിർമ്മാണ പ്രവർത്തികൾക്കും ഉപയോഗയോഗ്യമാണെന്നുള്ള വിവരം കേരള വാട്ടർ അതോറിറ്റി മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ തൊട്ടടുത്തുള്ള സ്വീവേജ് ഫാമിലേയ്ക്ക് ശുദ്ധീകരിച്ച ജലം നൽകുന്നതിന് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ട് വരികയാണ്. വെള്ളം ഉപയോഗപ്പെടുത്തുന്നതിന് റെയിൽവേ, വാഹന സർവ്വീസ് സ്റ്റേഷനുകൾ, നിർമ്മാണ കോൺട്രാക്ടർമാർ എന്നിവരുമായി കരാറുണ്ടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഈ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ലഡ്ജ് കൃഷിയാവശ്യങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതാണെന്ന വിവരം മാധ്യമങ്ങളിലൂടെ അറിയിച്ചിട്ടുള്ളതും തമിഴ്നാട്ടിലെ കർഷകർക്കായി ഒരു പ്രധാന തമിഴ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദിനപത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കൃഷി ആവശ്യങ്ങൾക്കും മറ്റുമായി ഈ സ്ലഡ്ജ് ഉപയോഗിക്കുവാൻ ആര് വന്ന് ആവശ്യപ്പെട്ടാലും സൗജന്യമായി വിതരണം ചെയ്യുന്നതാണ്. ഈ പ്ലാന്റിന്റെ നടത്തിപ്പുകാരായ കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ വളം ഏതെല്ലാം തരം കൃഷിയ്ക്ക് അനുയോജ്യമാണെന്ന് പരിശോധിക്കുന്നതിനും ആവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിനും കേരള കാർഷിക സർവ്വകലാശാല (KAU) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM), കേരള മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കർഷക സംഘങ്ങൾ, കൃഷി വകുപ്പിന്റെ ഫാമുകൾ, പാടശേഖര സമിതികൾ എന്നിവയുമായി ബന്ധപ്പെട്ട് വളം നീക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഇപ്പോൾ മലിനജലശുദ്ധീകരണ ശാല എന്ന നിലയിൽ ടി പ്ലാന്റിന്റെ പ്രവർത്തനം വളരെ മികച്ചതാണ്. ശുദ്ധീകരിച്ച ജലം പാർവ്വതി പുത്തനാറിൽ ഒഴുക്കി വിടുന്നതുവഴി വലിയ അളവിലുള്ള ഗാർഹിക മലിനീകരണം നിയന്ത്രണ വിധേയമാക്കുവാനും സാധിച്ചിട്ടുണ്ട്. ശുദ്ധീകരിച്ച മലിനജലം നിർമ്മാണ പ്രവർത്തനത്തിനും ഉദ്യാന പരിപാലനത്തിനും പരിമിതമായിട്ടാണെങ്കിലും ട്രാവൻകൂർ ടൈറ്റാനിയം അടക്കമുള്ള വ്യവസായങ്ങളുടെ ആവശ്യത്തിലേയ്ക്കും ഉപയോഗിക്കുവാൻ സാധിക്കും. പ്ലാന്റ് നേരിടുന്ന ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

124 (1498) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി ഓരോ വർഷവും എന്ത് തുക വീതമാണ് നീക്കിവച്ചിരുന്നതെന്ന അറിയിക്കുമോ ;

(ബി) നീക്കിവയ്ക്കപ്പെട്ട തുകയിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ?